പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 446 — 28.06.2013 - ൽ മറുപടിയ്ക്ക്

**ഇന്ദിരാഗാന്ധി ദേശീയ അംഗവൈകല്യ പെൻഷൻ പദ്ധതി**

ചോദ്യം — ഉത്തരം

ശ്രീ. കെ. അച്ചുതൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എം. പി. വിൻസെന്റ്

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇന്ദിരാഗാന്ധി ദേശീയ അംഗ വൈകല്യ പെൻഷൻ പദ്ധതി യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) | 1995 -ലെ Persons with Disabilities Act (PWD Act), 1999-ലെ ഓട്ടിസവും സെറിബ്രൽ പാൾസിയും ബുദ്ധിമാന്ദ്യവും മറ്റ് വിവിധ അംഗ വൈകല്യമുള്ളവർക്കായുള്ള നാഷണൽ ട്രസ്റ്റ് ആക്ട് എന്നിവയിൽ നിശ്ചയിച്ചിട്ടുള്ള പ്രകാരമുള്ള ഗുരുതരമായതോ ബഹുവിധ വൈകല്യങ്ങളുള്ളവരോ ആയിട്ടുള്ളവരും കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരമുള്ള ബി.പി.എൽ കുടുംബങ്ങളിൽപ്പെട്ടവരുമായുള്ളവർക്ക് പ്രതിമാസം ധനസഹായം നൽകുന്നതാണ്. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി . ഇത് കേന്ദ്ര സർക്കാർ ദേശീയ സാമൂഹ്യ സഹായ പദ്ധതി (NSAP) യിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ളതാണ്. ഈ പദ്ധതി പ്രകാരം ഒരാൾക്ക് 300 രൂപ കേന്ദ്ര സഹായം ലഭിക്കുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് ഈ പദ്ധതി നടപ്പാക്കാൻ അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) യും (സി) യും | 21.03.2013 -ലെ സ.ഉ.(എം.എസ്.) 24/13/സാനീവ പ്രകാരം ഈ പദ്ധതി സംസ്ഥാനത്തും നടപ്പിലാക്കുകയുണ്ടായി. കേന്ദ്ര സർക്കാർ വിഹിതവും സംസ്ഥാന സർക്കാർ വിഹിതവും ചേർത്ത് 700/- രൂപ നിരക്കിൽ പെൻഷൻ നൽകുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. |
| (സി) | പദ്ധതി മുഖാന്തിരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | | |

| | | | |
|---|---|---|---|
| (ഡി) | ദേശീയ പദ്ധതിക്കൊപ്പം അംഗ വൈകല്യമുള്ളവർക്കുള്ള സംസ്ഥാന പെൻഷൻ പദ്ധതി തുടരുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | ദേശീയ പദ്ധതിയ്ക്കൊപ്പം അംഗ വൈകല്യമുള്ളവർക്കുള്ള സംസ്ഥാന പെൻഷൻ പദ്ധതി തുടരുന്നുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ